# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3465.

11-12-2018 ൽ മറുപടിയ്ക്ക്

## തരിശിട്ട നെൽപാടങ്ങളിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശിട്ട നെൽപാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെയുള്ള തരിശിട്ട നെല്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 8268.0717 ഹെക്ടർ സ്ഥലത്ത് തരിശുനിലം കൃഷി യോഗ്യമാക്കിയിട്ടുമുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 23579 ഹെക്ടർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>തരിശു പാടങ്ങളുടെ കണക്കെടുക്കാനും പരമാവധി സ്ഥലം കൃഷി ചെയ്യിക്കാനുമുള്ള നടപടികൾ കൃഷിഭവൻ തലത്തിൽ നടന്നുവരുന്നു. ജനകീയ കൂട്ടായ്മയോടെ തരിശുനിലത്ത് കൃഷിയിറക്കുകയും ഉല്പാദിപ്പിച്ച നെല്ല് ബ്രാന്റ് നെയിമോട്ടുകൂടി വിപണിയിൽ എത്തിക്കുകയും ചെയ്ത മാതൃകകളും ഈ രണ്ടു വർഷത്തിൽ ഉണ്ടായിട്ടുണ്ട്.<br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ് ഈ പദ്ധതി പ്രകാരം നൽകുന്നത്. |

| | | | |
|---|---|---|---|
| (ബി) | എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17 ൽ 6955.96 ഏക്കറിലും 2017-18 ൽ 13714.215 ഏക്കറിലും തരിശുനിലം കൃഷി ചെയ്തു. നടപ്പ സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 7195 ഏക്കർ (2878 ഹെക്ടർ) സ്ഥലത്ത് പുതിയതായി നെൽകൃഷിയിറക്കുവാൻ വിഭാവന ചെയ്തിരുന്നതെങ്കിലും 10000 ഏക്കറിൽ കൂടുതൽ തരിശു നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | കൃഷിക്ക് അനുയോജ്യമായ നെൽപാടങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കൃഷിക്ക് അനുയോജ്യമായ നെൽപാടങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ കൃഷിഭവൻ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ആകെ തരിശ്, മറ്റു കൃഷി ചെയ്യുന്നവ, കൃഷിയോഗ്യമല്ലാത്തവ, കൃഷിയിറക്കാൻ സാധ്യമായവ, ഉടമസ്ഥർ കൃഷി ചെയ്യാനും കൃഷിക്ക് വിട്ടുകൊടുക്കാനും തയ്യാറല്ലാത്ത സ്ഥലം എന്നിങ്ങനെ ക്രോഡീകരിച്ച കണക്കുകൾ കൃഷിഭവൻ തലത്തിൽ സൂക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**